# ലാന്റ് റവന്യു ജോയിന്റ് കമ്മിഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

(ഹാജർ: ബി. മോഹനൻ ഐ.എ.എസ്.)

എൽ.ആർ.(എൻ)1-402/2014 തീയതി: 22.09.2014

വിഷയം: റവന്യു വകുപ്പ് - ചെയിൻ സർവെ പരിശീലനം - തൃശൂർ കേന്ദ്രം- പരിശീലനത്തിൽ നിന്നും ജീവനക്കാരെ ഒഴിവാക്കുന്നത്/ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്:

സൂചന:
1. ഈ കാര്യാലയത്തിലെ 04.09.2014 ലെ മേൽ നമ്പർ നടപടിക്രമം,
2. എറണാകുളം ജില്ലാകളക്ടറുടെ 20.09.2014 ലെ ഇ1-07/2014 നമ്പർ കത്ത്.
3. വയനാട് ജില്ലാകളക്ടറുടെ 09/2014 ലെ 2014/08/2012/എ1 നമ്പർ കത്ത്.
4. തൃശൂർ ജില്ലാകളക്ടറുടെ 05.05.2014 ലെ എ2-900/2014 നമ്പർ കത്ത്.
5. മലപ്പുറം ജില്ലാകളക്ടറുടെ 09.05.2014 ലെ എ4-11/2014 നമ്പർ കത്ത്.
6. കാസർഗോഡ് ജില്ലാകളക്ടറുടെ 05/2014 ലെ എ4-10/2014 നമ്പർ കത്ത്.

*******

തൃശൂർ കേന്ദ്രത്തിൽ 22.09.2014 മുതൽ 21.10.2014 വരെയുള്ള കാലയളവിൽ ചെയിൻ സർവെ പരിശീലനത്തിനായി നിയോഗിക്കപ്പെട്ട ജീവനക്കാരിൽ എറണാകുളം ജില്ലയിൽ നിന്നും ശ്രീമതി. റ്റി.എസ്. മേരി, എൽ.ഡി.സി./വി.എ.(ക്രമ നം.2), എന്നവരും വയനാട് ജില്ലയിൽ നിന്നും ശ്രീമതി. സന്ധ്യാമോൾ ഇ.ബി. ക്രമ നം.27), ശ്രീമതി. പ്രീത എം.എ. (ക്രമ നം.29), ശ്രീ. വിനോദ് കുമാർ എം.റ്റി. (ക്രമ നം.30), ശ്രീ. റജീസ് കെ തോമസ് (ക്രമ നം.28) എന്നവരും ചെയിൻ സർവ്വെ പരിശീലനത്തിൽ നിന്നൊഴിവാകുന്നതിനായി അപേക്ഷ സമർപ്പിച്ച വിവരം സൂചന (2), (3) പ്രകാരം യഥാക്രമം എറണാകുളം, വയനാട് ജില്ലാകളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി സാഹചര്യത്തിൽ 22.09.2014 മുതൽ തൃശൂർ കേന്ദ്രത്തിൽ വച്ച് നടത്തുന്ന ചെയിൻ സർവ്വെ പരിശീലനത്തിൽ നിന്നും, എറണാകുളം ജില്ലയിൽ നിന്നും ശ്രീമതി. റ്റി.എസ്. മേരി, വയനാട് ജില്ലയിൽ നിന്നും ശ്രീമതി. സന്ധ്യാ മോൾ ഇ.ബി., ശ്രീമതി. പ്രീത എം.എ., ശ്രീ. വിനോദ് കുമാർ എം.റ്റി., ശ്രീ. റജീസ് കെ തോമസ് എന്നിവരെ ഒഴിവാക്കികൊണ്ടും പകരമായി സൂചന (4), (5), (6) കത്തുകളുടെ അടിസ്ഥാനത്തിൽ തൃശൂർ ജില്ലയിൽ നിന്നും ശ്രീമതി.നിഷ ബാലകൃഷ്ണൻ എൽ.ഡി.സി./വി.എ., ശ്രീമതി. നീത എം.എസ്. എൽ.ഡി.സി./വി.എ. എന്നവരെയും മലപ്പുറം ജില്ലയിൽനിന്നും

ശ്രീ.സജീഭായ് മേലേപ്പാട്ട്,എൽ.ഡി.സി./വി.എ, ശ്രീമതി.സബിത ~~കെ~~ സി. എൽ.ഡി. സി./വി.എ. എന്നവരെയും കാസർഗോഡ് ജില്ലയിൽ നിന്നും ശ്രീ.സുരേഷ് പി., എൽ.ഡി.സി./വി.എ. എന്നവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പരിശീലനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ സേവനപുസ്തകത്തിൽ ടി വിവരം രേഖപ്പെടുത്തേണ്ടതും സ്വന്തം അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശീലനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ റിലിംഗ്വിഷ്മെന്റ് സ്റ്റേറ്റ്മെന്റ് അവരുടെ സേവനപുസ്തകത്തിൽ പതിച്ച് വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരെ 22.09.2014 തീയതി പ്രാബല്യത്തിൽ ബന്ധപ്പെട്ട ജില്ലാകളക്ടർ/ഉദ്യോഗസ്ഥൻ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ് ചെയിൻ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം വിടുതൽ ചെയ്യേണ്ടതും പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെട്ടവരുടെ സേവനപുസ്തകത്തിൽ ഈ വിവരം രേഖപ്പെടുത്തേണ്ടതാണ്

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

കക്ഷികൾക്ക്
(ബന്ധപ്പെട്ട ജില്ലാകളക്ടർ മുഖാന്തിരം)

<u>പകർപ്പ്:</u>

1. സർവെ ഡയറക്ടർ,
   തിരുവനന്തപുരം
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ,
   സർവെ റെയ്ഞ്ച് ഓഫീസ്, ~~തിരുവനന്തപുരം~~ തൃശ്ശൂർ
3. ജില്ലാകളക്ടർ, എറണാകുളം
4. ജില്ലാകളക്ടർ, വയനാട്
5. ജില്ലാകളക്ടർ, തൃശൂർ
6. ജില്ലാകളക്ടർ, മലപ്പുറം
7. ജില്ലാകളക്ടർ, കാസർഗോഡ്

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്.

റ്റി6